# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2474 08.03.2017- ൽ മറുപടിക്ക്**

### കൈത്തറി മേഖലയുടെ സംരക്ഷണം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ വിവിധ കൈത്തറി സഹകരണ സംഘങ്ങൾക്ക് 31.12.2016 വരെ റിബേറ്റ് ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളതെന്നും കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; | (എ) കണ്ണൂർ ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾ റിബേറ്റ് ഇനത്തിൽ 31.12.2016 വരെ 3,96,24,787/- രൂപ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത ജില്ലയിലെ സംഘങ്ങളുടെ 2013-14 വരെയുള്ള റിബേറ്റ് ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ 2,73,21,400/- രൂപ ജില്ലയിലെ സംഘങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) കൈത്തറി മേഖലയുടെ സംരക്ഷണത്തിനായി സർക്കാർ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി സൊസൈറ്റികൾ നിർമ്മിക്കുന്ന തുണി, യൂണിഫോമിനായി ലഭ്യമാക്കാൻ തയ്യാറാക്കിയ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ? | (ബി) കൈത്തറി മേഖലയുടെ സംരക്ഷണം ലക്ഷ്യമാക്കി പ്രഖ്യാപിച്ചതാണ് കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8-ാം ക്ലാസുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 2 സെറ്റ് കൈത്തറി സ്കൂൾ യൂണിഫോം സൗജന്യമായി നൽകുവാനുള്ള പദ്ധതി.<br><br>ഈ സർക്കാരിന്റെ ഒന്നാമത് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഈ പദ്ധതി പ്രകാരം കേരളത്തിൽ 1 മുതൽ 8-ാം ക്ലാസു വരെയുള്ള ഏകദേശം 25 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് 2 സെറ്റ് യൂണിഫോമിന് 1.30 കോടി മീറ്റർ കൈത്തറി തുണി ആവശ്യമാണ്. കേരളത്തിലെ കൈത്തറി മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യവും പൂർണ്ണമായും തുണിനെയ്തെടുക്കുവാനുള്ള സമയക്കുറവും കാരണം വിദഗ്ദ്ധ സമിതി ചേർന്ന് ഇവ വിലയിരുത്തുകയും ഒന്നാം ഘട്ടമെന്ന നിലയിൽ അടുത്ത അദ്ധ്യായന വർഷം (2017-18) 1 മുതൽ 4 വരെയും, 1 മുതൽ 5 വരെയും ഉള്ള സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി 2 സെറ്റ് യൂണിഫോം വിതരണം ചെയ്യുന്നതിനും |

അതിനടുത്ത വർഷം (2018-19) മുതൽ മുമ്പ് നിശ്ചയിച്ച പ്രകാരം 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്കും 2 സെറ്റ് യൂണിഫോം നൽകുവാനും തീരുമാനിച്ചു. പദ്ധതി വിജയിപ്പിക്കുന്നതിന് വ്യവസായവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചെയർമാനും, വ്യവസായവാണിജ്യ വകുപ്പ് ഡയറക്ടർ വൈസ് ചെയർമാനും, ഹാന്റ്ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടർ കൺവീനറായി കൊണ്ടും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ നോഡൽ ഓഫീസറായും, ജനപ്രതിനിധി കളും, വിദ്യാഭ്യാസ മേഖയിലെ ഉദ്യോഗസ്ഥരും ഉൾപ്പെടെ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാതല കമ്മിറ്റിയും രൂപീകരിച്ച് (17.08.2016 തീയതിലെ ജി.ഒ (സാധാ)നം.766/ 16/വ്യവ) പ്രവർത്തിക്കുന്നു. ജില്ലാ വ്യവസായകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഓരോ ജില്ലകളിലും നിലവിൽ പ്രവർത്തിക്കുന്ന നെയ്ത്തുതറികൾ പരിശോധിച്ച് മാർക്ക് ചെയ്യുകയും തൊഴിലാളികളിൽ നിന്നും സമ്മതപത്രം ഒപ്പിട്ട് വാങ്ങിയിട്ടുമുണ്ട്. യൂണിഫോമിന് ആവശ്യമായ തുണിയുടെ അളവുകളും നിറങ്ങളും പൊതുവിദ്യാഭ്യാസവകുപ്പ് മുഖേന സ്കൂളുകളിൽ നിന്നും ശേഖരിച്ചു.

തുണി ഉൽപാദനത്തിന് ആവശ്യമായ നൂൽ വാങ്ങി വിതരണം നടത്തുന്നതിന് നാഷണൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും നാഷണൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് നൂൽ ഹാൻവീവ്/ഹാന്റക്സ്/യാൺ ബാങ്കുകൾ മുഖേന നൂൽ വിതരണം നടത്തുകയും ചെയ്യുന്നു. നൂലിന്റെയും തുണിയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനെയും, ടെക്സ്റ്റൈൽ കമ്മിറ്റിയേയും ചുമതലപ്പെടുത്തുകയുണ്ടായി.

പദ്ധതിയുടെ ഭാഗമായി ക്വാളിറ്റി ചെക്കിംഗിനും നെയ്ത്തുതറികളുടെ ഉല്പാദനം പരിശോധിക്കുന്നതിനും ഹാൻവീവ്/ഹാന്റക്സ്/ഐ.ഐ.എച്ച്.റ്റി എന്നിവിടങ്ങളിൽ നിന്നും ക്വാളിറ്റി ചെക്കിംഗ് ഇൻസ്പെക്ടർമാരെ നിയമിച്ചു. യാൺ പർച്ചേയ്സിന്

ഡയറക്ടേറ്റ് തലത്തിൽ പർച്ചേയ്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

നെയ്തെടുത്ത തുണിക്ക് ചായം നൽകുന്നതിന് കേരളത്തിൽ സാധ്യമല്ലാത്തതിനാൽ തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിനെ ചുമതലപ്പെടുത്തുകയുണ്ടായി. യൂണിഫോം തുണി നെയ്യുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ നെയ്ത്തുകൂലി ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ